# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 443 12.06.2012 -ലെ മറുപടി

**കെ.എസ്.ആർ.ടി.സി കാസർഗോഡ് - മംഗലപുരം റൂട്ടിൽ രാത്രികാലങ്ങളിൽ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്താത്ത പഞ്ചായത്തുകളാണ് ബഹുഭൂരിഭാഗവും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് ഒരു ഡിപ്പോ മാത്രമേ നിലവിലുള്ളൂ. കാഞ്ഞങ്ങാട് സബ് ഡിപ്പോ ആരംഭിക്കുന്നതിലേയ്ക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുകയാണ്. 115 ഷെഡ്യൂളുകൾ കാസർഗോഡ് നിന്നും നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ 53 എണ്ണം അന്തർ സംസ്ഥാന സർവ്വീസുകളാണ്. പ്രതിദിനം ശരാശരി 108 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കാഞ്ഞങ്ങാട് സബ് ഡിപ്പോ യാഥാർത്ഥ്യമാകുന്നതോടു കൂടി കാസർഗോഡ് ജില്ലയിലും കാസർഗോഡ് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളെ ബന്ധപ്പെടുത്തിക്കൊണ്ടും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി പുതിയ ബസ്സുകൾ നിരത്തിലിറക്കുമ്പോൾ നിലവിൽ ഓടിക്കൊണ്ടിരിക്കുന്നവയിൽ ചിലതെങ്കിലും ഈ പിന്നോക്ക മണ്ഡലത്തിൽ സർവ്വീസ് നടത്തുവാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | കാസർഗോഡ് മണ്ഡലത്തിൽ പ്രധാന റൂട്ടുകളിലെങ്കിലും കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിക്കാൻ നടപടി ഉണ്ടാകുമോ; | | |
| (ഡി) | കാസർഗോഡ് - മംഗലാപുരം റൂട്ടിൽ രാത്രി കാലങ്ങളിൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ഇല്ലാത്തതിനാൽ ഈ സമയത്ത് ബസ് ഓടിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | കാസർഗോഡ് നിന്ന് രാത്രി 09.30 -ന് മംഗലാപുരത്തേക്ക് സർവ്വീസ് നിലവിലുണ്ട്. ഈ സർവ്വീസ് രാത്രി 11.05 -ന് മംഗലാപുരത്ത് എത്തുകയും അവിടെനിന്നും 11.30 -ന് തിരിച്ച് രാത്രി 01.00 മണിക്ക് കാസർഗോഡ് എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | രാത്രി 11.30 വരെ മംഗലാപുരത്ത് നിന്ന് കാസർഗോഡേക്കുള്ള ചെയിൻ സർവ്വീസ് ബസ്സുകളുടെ അവസാന ട്രിപ്പുകൾ എത്തിച്ചേരുന്നുണ്ട്. ഈ റൂട്ടിൽ പുതിയ സർവ്വീസുകൾ തുടങ്ങുന്നതിന് നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ രാത്രി കാലങ്ങളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ